ഉത്തരം

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി ഏതാനും ബിരുദ വിഷയങ്ങളിലെ ഫലം പ്രഖ്യാപിക്കാത്തതുകൊണ്ട് ആ വിഷയങ്ങളിൽ ബിരുദ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് യഥാസമയം ബി.എഡ്. അഡ്മിഷൻ അപേക്ഷിക്കാൻ അവസരം ലഭിച്ചിട്ടില്ലെന്ന് സർക്കാരിൽ നിവേദനം ലഭിച്ചിരുന്നു.

(ബി, സി) വിദ്യാർത്ഥികളുടെ ആവശ്യാനുസരണം അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 10 ദിവസം ദീർഘിപ്പിച്ചു നൽകിയിരുന്നു. കേന്ദ്രീകൃത അലോട്ട്മെന്റ് ഇപ്പോൾ പുരോഗമിച്ചുവരികയാണ്. ആവശ്യമായ അദ്ധ്യയന ദിവസങ്ങൾ സംബന്ധിച്ച് എൻ.സി.റ്റി.ഇ. നിബന്ധന ഉള്ളതുകാരണം എല്ലാ യൂണിവേഴ്സിറ്റികളും എല്ലാ ബിരുദ വിഷയങ്ങളിലെയും ഫലം പ്രഖ്യാപിക്കുന്നതുവരെ കേന്ദ്രീകൃത അലോട്ട്മെന്റ് നടപടി നീട്ടിവയ്ക്കാനാവില്ല.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലറുടെ ഔദ്യോഗിക ചെലവുകൾ

64 [2370] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. എൻ. പണിക്കർ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ്ചാൻസലറായിരുന്ന കാലയളവിൽ അദ്ദേഹത്തിന്റെ വീട്ടുവാടക, ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ഓരോന്നിനും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വീട്ടിലെ ജോലിക്കാർക്കുള്ള ശമ്പളം, ടി.എ., ഡി.എ., മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിലായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ശ്രീ. കെ. എൻ. പണിക്കർക്ക് പ്രസ്തുത കാലയളവിൽ, അതായത് 11-12-2000 മുതൽ 10-12-2004 വരെ വീട്ടുവാടക, ശമ്പളം, മറ്റ് ഇനങ്ങൾ എന്നിവയിൽ സർവ്വകലാശാല ചെലവഴിച്ചിട്ടുള്ള തുക താഴെ പറയും പ്രകാരമാണ്:

ശമ്പളവും മറ്റ് അലവൻസുകളും	..	17,54,754
ടെർമിനൽ സറണ്ടർ	..	1,17,542
മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്	..	53,556
വീട്ടുവാടക (ഔദ്യോഗിക വസതി)	..	4,46,066
യാത്രപ്പടി	..	12,930
ട്രാൻസ്ഫർ ടി.എ. (ന്യൂഡൽഹി-കാലടി)	..	62,230
ടെലഫോൺ ചാർജ്ജ്:		
ഓഫീസ്	..	1,06,211
ഔദ്യോഗിക വസതി	..	1,54,927
മൊബൈൽ ഫോൺ	..	70,866
വൈദ്യുതി ചാർജ്ജ് (ഔദ്യോഗിക വസതി)	..	94,374
വാട്ടർ ചാർജ്ജ് (ഔദ്യോഗിക വസതി)	..	1,638

LIBRARY ARCHIVES Kerala Legislative Assembly

ഔദ്യോഗിക വസതിയിലേക്ക് ഫർണീച്ചറും മറ്റു ഉപകരണങ്ങളും വാങ്ങിയ ഇനത്തിൽ	..	2,04,256
കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (ഓഫീസിലേക്കും ഔദ്യോഗിക വസതിയിലേക്കും)	..	1,94,080
ഔദ്യോഗിക ആവശ്യത്തിനായി പുതിയ അമ്പാസഡർ കാർ വാങ്ങിയ ഇനത്തിൽ	..	4,49,499
ഡ്രൈവറുടെ ടി.എ.	..	25,795
ഓഫീസിലേക്ക് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ	..	9,045
ഔദ്യോഗിക യാത്രകളിൽ ഭക്ഷണം, താമസ സൗകര്യം ഇവയ്ക്കുവേണ്ടി ചെലവായതുക	..	65,549
ഔദ്യോഗിക വാഹനത്തിന് ഇന്ധനച്ചെലവ്	..	1,90,030
ഔദ്യോഗിക വാഹനത്തിന് അറ്റകുറ്റപ്പണികൾക്കായുള്ള ചെലവ്	..	92,681

(ബി) ഔദ്യോഗിക വസതിയിൽ ദിവസക്കൂലിക്കാരായ 2 സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിരുന്നു. അവർക്ക് ശമ്പളം ഇനത്തിൽ പ്രസ്തുത കാലയളവിൽ 4,52,454 രൂപ ചെലവായിട്ടുണ്ട്.

യു. ജി. സി. നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ള ലൈബ്രേറിയൻമാർ

65 [2371] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 13-3-1990-ലെ ജി. ഒ. (എം. എസ്.) 66/90 ഉത്തരവിനുശേഷം ഏതെങ്കിലും ഗവൺമെന്റ് കോളേജിൽ യു. ജി. സി. നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയില്ലാത്ത ലൈബ്രേറിയൻമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന് യു.ജി.സി.യുടെ അനുവാദം ലഭിച്ചിട്ടുണ്ടോ;

(സി) യു. ജി. സി. സ്കീം നടപ്പാക്കിയശേഷം ഏത് സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കോളേജുകളിൽ ലൈബ്രേറിയൻമാരെ നിയമിക്കുന്നത്;

(ഡി) ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ 11-8-2000-ലെ ജി. ഒ. (എം. എസ്.) 130/2000 പ്രകാരം 1-1-1986 മുതൽ വിവിധ തീയതികളിലായി യു. ജി. സി. സ്കീമിൽ ഉൾപ്പെടുത്തിയ 33 ലൈബ്രേറിയൻമാർ പ്രസ്തുത കാലഘട്ടത്തിൽ സേവനമനുഷ്ഠിച്ച തസ്തികകളും സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇവരുടെ വിദ്യാഭ്യാസ യോഗ്യതകളും എന്തൊക്കെയാണ്;

(എഫ്) യു. ജി. സി. സ്കീമിൽ ഇളവുകൾ അനുവദിക്കാവുന്നത് യു.ജി.സി.യുടെ ധനസഹായത്തിനർഹമായി കോളേജിലോ സർവ്വകലാശാലയിലോ 13-3-1990 മുതൽ സേവനമനുഷ്ഠിക്കുന്നവർക്ക് മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly